# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5318 — 02.07.2013- ൽ മറുപടിക്ക്

### കാസർഗോഡ് ജില്ലയിൽ വ്യവസായ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)** | **ശ്രീ. പി. കെ.കുഞ്ഞാലിക്കുട്ടി**<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) വ്യവസായരഹിത ജില്ലയായ കാസർഗോഡിന്റെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എന്തെങ്കിലും പദ്ധതിനടപ്പിൽ വരുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കാസർഗോഡ് ജില്ലയുടെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനു ശുപാർശ സമർപ്പിക്കുന്നതിനായി പ്രഭാകരൻ കമ്മീഷൻ രൂപീകരിക്കുകയും 6852.73 കോടി രൂപയുടെ വ്യവസായ പദ്ധതികൾ കണ്ടെത്തുകയും ചെയ്തു. ഇതു സംബന്ധിച്ച തുടർനടപടികൾ സ്വീകരിച്ചുവരുന്നു.<br>01.04.2012 മുതൽ നടപ്പിലാക്കിവരുന്ന സംരംഭകത്വ സഹായ പദ്ധതിയിൽ പുതുതായി ആരംഭിക്കുന്ന വ്യവസായ സംരംഭങ്ങൾക്ക് പിന്നോക്ക ജില്ലയെന്ന പരിഗണനയിൽ കാസർഗോഡ് ജില്ലയിലെ സംരംഭകർക്ക് പത്ത് ശതമാനം അധിക ധനസഹായം, 10 ലക്ഷം രൂപ വരെ ലഭിക്കുന്നതാണ്. |
| (ബി) കോളത്തിൽ പശ്ചാത്തല വികസനങ്ങൾക്ക് ആവശ്യമുള്ളതിൽ അധികം സർക്കാർ ഭൂമി ലഭ്യമായ കാസർഗോഡ് ജില്ലയിൽ വ്യവസായ പദ്ധതികൾ ആരംഭിക്കുന്നതിന് വല്ല തടസ്സങ്ങളും ഉണ്ടോ? | (ബി) ഉണ്ട്.<br>കാസർഗോഡ് ജില്ലയിലെ വ്യവസായ എസ്റ്റേറ്റ്/പ്ലോട്ട് എന്നിവയിൽ അടിസ്ഥാനപരമായ പശ്ചാത്തല വികസനം നടന്നിട്ടില്ലാത്തതിനാൽ വ്യവസായ പദ്ധതികൾ ആരംഭിക്കുന്നതിന് തടസ്സങ്ങൾ നേരിടുന്നുണ്ട്. |

സെക്ഷൻ ഓഫീസർ